# ഖത്തര് പ്രധാനമന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം (ഡിസംബര് 02 -03 , 2016 )

ഡിസംബര് 03, 2016

ഇന്ത്യയുടെ ആദരണീയനായ പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ച് ഖത്തര് സ്റ്റേറ്റ് ഓഫ് ഖത്തര് പ്രധാനമന്ത്രിയും മിനിസ്റ്റര് ഓഫ് ഇന്റീരിയറും ആയ ഹിസ് എക്സലൻസി ഷേക്ക് അബ്ദുല്ല ബിന് നാസ്സര് ബിന് ഖലീഫ അല് താനി ഡിസംബര് 2 -3 , 2016 ഇന്ത്യ ഔദ്യോഗികമായി സന്ദർശിച്ചു

ഖത്തര് പ്രധാനമന്ത്രിക്കൊപ്പം സാമ്പത്തികം, ഗതാഗതം , വിനിമയം , മുനിസിപ്പാലിറ്റി- പരിസ്ഥിതി ഉൾപ്പെടെ വിഭാഗങ്ങളിലെ മുതിർന്ന മന്ത്രിമാര്, ഖത്തര് ചേംബര് ഓഫ് കൊമേഴ്സ് & വ്യവസായം, ഖത്തര് എയർവേസ് സിഇഒമാര്, ഖത്തര് ഇൻവെസ്റ്റ്മെന്റ് അതോറിറ്റി (ക്യൂഐഎ ) ഡെപ്യൂട്ടി സിഇഒമാര് , വ്യവസായ രംഗത്തെ പ്രധാനപ്പെട്ട അനേകം നേതാക്കള് എന്നിവരും ഉണ്ടായിരുന്നു

ഇരു പ്രധാനമന്ത്രിമാർക്കും പ്രതിനിധി തല യോഗം ഉണ്ടായിരുന്നു. അതെ തുടർന്നു ചർച്ചക്കൊപ്പം ഉച്ചയൂണും . ചർച്ചയുടെ ഭാഗമായി ഇരു പ്രധാനമന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങളുടെ അവസ്ഥ അവലോകനം ചെയ്യുകയും കാലങ്ങളായുള്ള വ്യാപാര , ജനങ്ങള് തമ്മില് ഉള്ള ബന്ധത്തില് അടിസ്ഥാനമായ ഇരു രാജ്യങ്ങൾക്കുമിടയില് ഉള്ള വളരെ അടുത്തതും ബഹുമുഖവുമായ ബന്ധങ്ങള് കൂടുതല് ശ്കതമാക്കുവാനും വികസിപ്പിക്കുവാനുമുള്ള നടപടികള് പങ്കു വച്ചു .

ഇന്ത്യക്കും ഖത്തറിനും ഇടയില് ഉള്ള സൌഹൃദത്തിന്റെ ശക്തംയാ കെട്ടുകളിലും, പരസ്പര ധാരണയിലും ഇരു പ്രധാനമന്ത്രിമാരും സംതൃപ്തി രേഖപ്പെടുത്തുകയും എല്ലാ മേഖലയിലും ഉള്ള സഹകരണബന്ധം കൂടുതല് ശക്തമാക്കുവാനുള്ള തങ്ങളുടെ പ്രതിബദ്ധത അവര് ആവർത്തിക്കുകയും ചെയ്തു

ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ജൂണ് 2016 ല് ഖത്തറിലേക്ക് നടത്തിയ സന്ദർശനത്തിനിടെ എത്തിച്ചേർന്ന കരാര് അനുസരിച്ചുള്ള ഉഭയകക്ഷി ബന്ധങ്ങളിലെ പ്രധാന വഴികളില് ഉണ്ടായിട്ടുള്ള പുരോഗതി പരിശോധിക്കുന്ന ശ്രമങ്ങളുടെ പശ്ചാതലത്തില് ഈ സന്ദർശനം വളരെ പ്രധാനമേറുന്ന ഒന്നാണ്

നിലവിലുള്ള എല്ലാ ഉഭയകക്ഷി സ്ഥാപന സംവിധാനങ്ങളും നിരന്തരമായി ഉപയോഗിക്കുമെന്നും വളരെ കാര്യക്ഷമമായ രീതിയില് ഉഭയകക്ഷി അജണ്ട മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികള് എടുക്കുമെന്നും അവര് ഊന്നി പറഞ്ഞു

ഇരു ഭാഗത്തെയും അടിസ്ഥാന സൌകര്യ വികസന പദ്ധതികളില് പങ്കാളിത്തം വര്ധിപ്പിക്കാംഎന്നും സാധ്യമായ നിക്ഷേപ അവസരങ്ങളെ കുറിച്ചുള്ള വിവരം സമയബന്ധിതമായും നിരന്തരമായും കൈമാറാമെന്നും ഇരു വിഭാഗവും തീരുമാനിച്ചു

ആവശ്യമുള്ള ചട്ടക്കൂടുകള്  ശരിയായി ഉപയോഗിക്കുന്നത് വഴി ലഭ്യമാക്കുന്ന അവസരങ്ങളുടെ മുഴുവന് പ്രയോജനവും ഇരു വിഭാഗത്തെയും സാമ്പത്തികപ്രവർത്തകർക്ക് , പ്രത്യേകിച്ചും അടിസ്ഥാന സൌകര്യങ്ങള് , പ്രത്യേക സാമ്പത്തിക മേഖല , സിവില് ഏവിയേഷന് , ഊർജം, പെട്രോകെമിക്കൽസ് , ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ് , വിവരസാങ്കേതിക വിദ്യ , വിദ്യാഭ്യാസം , വിനോദസഞ്ചാരം , കൃഷി എന്നീ മേഖലകളിലുള്ളവർക്ക് ലഭ്യമാക്കുവാന് ആവശ്യമായ നടപടികള് ശ്രമിക്കാം എന്ന് തീരുമാനിക്കപ്പെട്ടു പ്രത്യേകം  പരിശീലനം , വിവരങ്ങള് പങ്കു വയ്ക്കല് , പ്രതിരോധ ഉപകരണങ്ങളുടെ സംയുക്ത നിർമാണം എന്നീ മേഖലകളിലെ സഹകരണം വർധിപ്പിച്ചു കൊണ്ട് നവംബര് 2008 ല് ഒപ്പ് വച്ചിരുന്ന പ്രതിരോധ സഹകരണത്തിനുള്ള കരാര് പ്രകാരം അതിന്റെ ചട്ടക്കൂടില് നിന്ന് കൊണ്ട് പ്രവർത്തിക്കാന് വേണ്ട പ്രായോഗിക ചുവടുകള് എടുക്കുവാന് വേണ്ടതിന്റെ ആവശ്യകത ഇരു നേതാക്കളും ഊന്നി പറഞ്ഞു .

പരസ്പരം താത്പര്യമുള്ള  മേഖലാ, ആഗോള വിഷയങ്ങളില് പ്രത്യേകിച്ചും പടിഞ്ഞാറന് ഏഷ്യ, മിഡില് ഈസ്റ്റ്, സൌത്ത് ഏഷ്യയിലെ സുരക്ഷാ സ്ഥിതിവിശേഷങ്ങൾക്ക് പ്രാധാന്യം നൽകി  തങ്ങളുടെ കാഴ്ചപ്പാടുകള് പങ്കു വയ്ക്കാന് ഇരു വിഭാഗങ്ങൾക്കും ഒരു അവസരം ആയി മാറി സന്ദർശനം .

സംഭാഷണം  വളരെ ഊഷ്മളമായതും സൌഹൃദമായതുമായ അന്തരീക്ഷത്തിലായിരുന്നു  ചർച്ചകള് നടന്നത് , ഇരു രാജ്യങ്ങള് തമ്മിലുള്ള സഹകരണവും പരസ്പരമുള്ള വിശ്വാസവും പ്രതിഫിലിപ്പിക്കുന്ന തരത്തിലായിരുന്നു ചർച്ചകള്

മൂന്നു കരാറുകള്/ധാരണാപത്രങ്ങള് ഒപ്പ് വച്ചു . അവയില് നയതന്ത്ര- വിശേഷപ്പെട്ട , ഔദ്യോഗിക  പാസ്പോർട്ട് കൈവശമുള്ളവർക്ക്

വിസയുമായി ബന്ധപ്പെട്ട കാര്യങ്ങളില് നിന്നും ഒഴിവാക്കല് ; സൈബര് സ്പേസിലെ  സാങ്കേതിക സഹകരണവും  , സൈബര് കുറ്റങ്ങളെ പ്രതിരോധിക്കലും ;  ഖത്തറിലെ ഡെലിവറി & ലെഗസി ഓഫ് ഖത്തര് സുപ്രീം കമ്മിറ്റിയും ഇന്ത്യന് കോൺഫെഡറേഷന് ഓഫ് ഇന്ത്യന് ഇൻഡസ്ട്രിയും (CII) തമ്മില് വിനോദസഞ്ചാരികൾക്കും വ്യാപാരികൾക്കും വേണ്ടി ഇ വിസകൾക്കുള്ള ലൈന് ഓഫ് ഇന്റെന്റ് എന്നിവയാണവ . വളരെ പ്രത്യേകമായി ഖത്തര് പോസ്റ്റ് മാനെജ്മെന്റ് കമ്പനിയും (എംവാണി ഖത്തര്) ഇന്ത്യന് പോർട്ട്സ് ഗ്ലോബല് പ്രൈവറ്റ് ലിമിറ്റഡ് തമ്മിലുള്ള കരാര് തീരുമാനിച്ചു

സന്ദർശനത്തിന്റെ ഭാഗമായി  രാഷ്ട്രപതി പ്രണബ് മുഖർജിയുമായി ഖത്തര് പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

കേന്ദ്ര ആഭ്യന്തര മന്ത്രി  ശ്രീ രാജ്നാഥ് സിംഗുമായി  ഖത്തര് പ്രധാനമന്ത്രി സന്ദർശനത്തോടു അനുബന്ധിച്ച് കൂടിക്കാഴ്ച നടത്തി. തീവ്രവാദത്തെയും മൌലികവാദത്തെയും പ്രതിരോധിക്കുവാനും വിഭാഗീയത  പടരാതെ തടയുന്നതിനും സഹിഷ്ണുതയുടെ മൂല്യങ്ങളുടെ പ്രാധാന്യം ഉറപ്പിക്കുന്നതിനും വേണ്ടി ഒന്നിച്ചു പ്രവർത്തിക്കാമെന്ന് ഇരു വിഭാഗവും തീരുമാനിച്ചു .  മറ്റ് ഇതരദേശ വ്യാപകമായ കുറ്റകൃത്യങ്ങൾക്ക് പുറമേ  തീവ്രവാദത്തെ നേരിടാനും  ഇന്റലിജൻസ് വിനിമയം  , തീവ്രവാദത്തിനുള്ള സാമ്പത്തിക സഹായം, കള്ളപ്പണം കടത്ത് എന്നിവക്കെതിരെ സഹകരിച്ചു പ്രവർത്തിക്കുക  തുടങ്ങിയ വിഷയങ്ങള് അവര് ചർച്ച ചെയ്തു
ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് ശക്തമായ പങ്കാളിത്തം സൃഷ്ടിക്കുവാന് നാം ആഗ്രഹിക്കുന്നതിനാല്  ,  ഖത്തര് പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനത്തിലൂടെ  നിരന്തരമായ ഉന്നതതല സന്ദർശനങ്ങളിലെ പാരമ്പര്യത്തെ  ദൃഢീകരിക്കുവാനും ,  ഇരു രാജ്യങ്ങളിലെയും നേതാക്കളുടെ കാഴ്ചപ്പാടുകള് വളരെ സമഗ്രമായി പങ്കു വയ്ക്കുവാനും സാധിക്കും

ന്യൂഡെൽഹി
ഡിസംബര് 3, 2016